പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *98 07.06.2018 ൽ മറുപടിയ്ക്ക്

സ്കൂളുകളിൽ നൈപുണ്യ വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആൻണി ജോൺ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.എ.എൻ.ഷംസീർ<br>ശ്രീ.പി.വി.അൻവർ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | കേന്ദ്ര സർക്കാർ നിർദ്ദേശാനുസരണം സംസ്ഥാനത്ത് നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് പ്രകാരമുള്ള നൈപുണ്യ വികസന പദ്ധതി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ നടപ്പാക്കുന്നത് നിലവിൽ നടന്നുവരുന്ന കോഴ്സുകൾക്ക് പുറമെയാണോ എന്ന് വ്യക്തമാക്കാമോ; ഏതെല്ലാം കോഴ്സുകളാണ് എൻ.എസ്.ക്യു.എഫ് പ്രകാരം നടപ്പാക്കുന്നത്; | നിലവിൽ നടന്നുവരുന്ന ചില തൊഴിലധിഷ്ഠിത കോഴ്സുകളിൽ മാറ്റം വരുത്തിയാണ് എൻ.എസ്.ക്യു.എഫ് പാഠ്യപദ്ധതി പ്രകാരമുള്ള പുതിയ കോഴ്സുകൾ നടപ്പിൽ വരുത്തിയിരിക്കുന്നത്.<br>ആദ്യ ഘട്ടമെന്ന നിലയിൽ 9 സ്കിൽ സെക്ടറുകളിലുള്ള എൻ.എസ്.ക്യു.സി (National Skill Qualification Committee) അംഗീകരിച്ച താഴെപ്പറയുന്ന 12 ജോബ് റോളുകൾ, 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കുകയുണ്ടായി.<br>1. Installation Technician-Computing Peripherals<br>2. Optical Fibre Technician<br>3. Distribution Linemen<br>4. Cable Jointer- Electrical Power System<br>5. Domestic Biometric Data Entry Operator<br>6. Micro Irrigation Technician<br>7. Floriculturist (Open Cultivation)<br>8. Gardener<br>9. General Duty Assistant<br>10. Beauty therapist<br>11. Meet and Greet Officer<br>12. Sales Associates |
| (ബി) | നിലവിലുള്ള അദ്ധ്യാപകർക്ക് പരിശീലനം നൽകി പുനർവിന്യാസം നടത്തിയിട്ടുണ്ടോ; | നിലവിലുള്ള കോഴ്സിൽ നിന്നും ചെറിയ മാറ്റം വരുത്തിയാണ് പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത സ്കൂളിലെ അദ്ധ്യാപകന് തന്നെ നിലവിൽ ഈ വിഷയം കൈകാര്യം ചെയ്യാവുന്നതാണ്. ഏതെങ്കിലും വിഷയത്തിൽ കൂടുതൽ പരിചയം ആവശ്യമുണ്ടെങ്കിൽ അവർക്ക് വേണ്ട പരിശീലനം നൽകുന്നതിന് വേണ്ട ക്രമീകരണം ചെയ്യുന്നതാണ്. ആയതിനാൽ പുനർവിന്യാസം നടത്തുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (സി) | ഹൈസ്കൂളുകളിലേക്കും, ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കും കൂടി പദ്ധതി വ്യാപിപ്പിക്കാൻ നിർദ്ദേശമുണ്ടോ; | ആദ്യ ഘട്ടമെന്ന നിലയിൽ 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് എൻ.എസ്.ക്യു.എഫ് അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കുവാൻ നിർദ്ദേശം നല്കിയിട്ടുള്ളത്.<br>ആയതിന്റെ അനുഭവം വിലയിരുത്തി കൊണ്ട്, കൂടുതൽ പഠനങ്ങൾക്കും, ചർച്ചകൾക്കും ശേഷം എല്ലാ സ്കൂളുകളിലേയ്ക്കും എൻ.എസ്.ക്യു.എഫ് അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം |
| (ഡി) | പദ്ധതിക്കായി നൽകുന്ന കേന്ദ്രസഹായം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | കേന്ദ്ര സർക്കാരിന്റെ VSHSE (Vocationalisation of Secondary & Higher Secondary Education) പ്രകാരമാണ് സ്കൂൾ തലത്തിൽ സഹായം ലഭ്യമാകുന്നത്. ഇത് 60:40 എന്ന അനുപാതത്തിൽ കേന്ദ്രവും സംസ്ഥാനവും വഹിക്കേണ്ടി വരും. |

സെക്ഷൻ ഓഫീസർ